# ഉറവ്: നാടൻ സാങ്കേതിക വിദ്യയുടെ ഗുരുകുലം

**പി. ആർ. കൃഷ്ണൻകുട്ടി**

**വ**യനാട് ജില്ലയിലെ മേപ്പാടിയിലെ പഞ്ചായത്ത് പരിധിയിലുള്ള തൃക്കൈപ്പറ്റ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന നാടൻ ശാസ്ത്ര സാങ്കേതിക പഠന കേന്ദ്രമാണ് ഉറവ്. പരമ്പരാഗത - പരിസ്ഥിതി സാഹോദര്യ തൊഴിൽരീതികളെ ആധുനികാവശ്യങ്ങൾക്കനുയോജ്യമായി വളർത്തി സാമ്പത്തിക വികസനവും പാരിസ്ഥിതിക സംരക്ഷണവും ഉറപ്പുവരുത്തുകയെന്നതാണ് ഉറവിന്റെ ലക്ഷ്യം.

നാടൻ ശാസ്ത്ര - സാങ്കേതിക മാതൃകകളെ സ്വാശ്രയവും ആരോഗ്യകരവും പാരിസ്ഥിതികവുമായ വികസന പ്രക്രിയയ്ക്ക് ഉപയോഗിക്കുക, ഈ മേഖല നേരിടുന്ന വിഭവ ദാരിദ്ര്യവും വിപണിയിലെ വെല്ലുവിളികളും തരണം ചെയ്യാൻ ശ്രമിക്കുക എന്ന ലക്ഷ്യങ്ങൾക്കായി മുള - ഈറ്റ മുതലായ പ്രകൃതിവിഭവങ്ങൾ ഉപയോഗിച്ച് പുതിയ ഉത്പാദന മാതൃകകൾ നിർമിക്കുന്നതിനും പരിശീലനം കൊടുക്കുന്നതിനും സ്ഥിരം കേന്ദ്രം, മൺപ്പണി, ലോഹ ഉപകരണനിർമാണം, മരപ്പണി, തുണിനെയ്ത്ത്, പ്രകൃതിവർണങ്ങൾകൊണ്ടുള്ള ചായപ്പണി, കരകൗശല വസ്തുനിർമാണം തുടങ്ങിയവയിൽ പ്രയോഗ - പരിശീലന കേന്ദ്രങ്ങൾ, പരമ്പരാഗത കൈത്തൊഴിലുകൾ, നാടൻ ശാസ്ത്ര - സാങ്കേതിക വിദ്യ ഗവേഷണ കേന്ദ്രം, പരമ്പരാഗത കൈത്തൊഴിൽ മേഖല ഉൾപ്പെടുന്ന സാമൂഹിക - സാമ്പത്തിക - പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം, പ്രകൃതി സാഹോദര്യ ഉത്പന്നങ്ങളുടെ വികസനത്തിനായി ബോധവത്കരണം, ഈറ്റ - മുള എന്നീ വിഭവങ്ങളുടെ ലഭ്യത വികസിപ്പിക്കൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകൽ, ബാംബൂസെൽ രൂപീകരണത്തിന് ആധികാര സ്ഥാപനങ്ങളുമായി ചർച്ച, ജൈവ കൃഷിരീതികളെ പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് പ്രധാന പരിപാടികൾ.

1996 ജൂലായിൽ വയനാട്ടിലെ കാക്കവയലിനടുത്തുള്ള തെനേരിയിൽ ഉറവ്, മുളകൈത്തൊഴിൽ മേഖലകളെക്കുറിച്ചുള്ള പഠന ട്രസ്റ്റ് അംഗങ്ങളിൽനിന്നും കേരളത്തിലെ പരിസ്ഥിതി സ്നേഹികളായ സുഹൃത്തുക്കളിൽനിന്നുമാണ് ആവശ്യമായ പണം ശേഖരിച്ചത്.

വിദേശ സഹായം സ്വീകരിക്കില്ലെന്ന് ഉറവ് തീരുമാനിച്ചിരിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര - സാങ്കേതിക വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന സയൻസ് ആൻഡ് ടെക്നോളജി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് പ്രോജക്ടിനുവേണ്ടി അഞ്ചു മാസത്തെ മുളയുൽപ്പന്ന നിർമാണ പരിശീലനം നല്കി. 20 പേർ പങ്കെടുത്തു. പത്തുപേർ ഉറവിന്റെ ഉത്പാദന കേന്ദ്രത്തിൽ തുടർന്നു. മറ്റുള്ളവർ ബത്തേരി കേന്ദ്രീകരിച്ച് മറ്റൊരു സൊസൈറ്റി രൂപീകരിച്ചു.

ഉറവിന്റെ പണിശാലയിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി 15ലേറെ



യുവതികൾ മുളയിൽ ക്ലോക്ക്, ഷർട്ട്ഹാംഗർ, പേന, പൂപാത്രം എന്നിവയുണ്ടാക്കുന്നതിന് പരിശീലനം നേടുന്നുണ്ട്.

മുളപേന ഉറവിന്റെ മാത്രം ഉത്പന്നമാണ്. ബാംബൂ ആർക്കിടെക്ട് - ആക്ടിവിസ്റ്റ് വിനൂകാലേയുടെ ശിഷ്യരിൽ പ്രമുഖനായ ലിം റാവു ചാപ്ലേയാണ് ഉറവിലെ ക്രാഫ്റ്റ്മാസ്റ്റർ. 45-ഓളം ഉത്പന്നങ്ങൾ ഉറവിൽ ഡിസൈൻ ചെയ്തിട്ടുണ്ട്.

മുളയിലധിഷ്ഠിതമായ തൊഴിൽസാധ്യതകൾ വികസിപ്പിക്കണമെങ്കിൽ മുള സാധാരണക്കാരന് ലഭ്യമാക്കണം. മുളയുടെ ലഭ്യത മെച്ചപ്പെടുത്താനുള്ള ഉറവിന്റെ പദ്ധതിയാണ് മുള നഴ്സറി. പുറമ്പോക്കു സ്ഥലങ്ങളിലും തോടരുകുകളിലും മുളവച്ചു പിടിപ്പിക്കുകയാണ് പ്രധാനം.

മുളയെക്കുറിച്ചുള്ള ആധികാരിക പഠനങ്ങളും ഈ മേഖലയിൽ വളർന്നുകൊണ്ടിരിക്കുന്ന പുതിയ പ്രവണതകളും ഉറവ് സൂക്ഷ്മമായി ശ്രദ്ധിക്കുന്നുണ്ട്.

സംസ്കാരം, വിദ്യാഭ്യാസം, കൃഷി, ആദിവാസി പ്രശ്നങ്ങൾ, ജനകീയാരോഗ്യം, സ്ത്രീകൾ, കുട്ടികൾ, വർഗീയത, സാമ്പത്തികം, ചരിത്രം, പരിസ്ഥിതി, മനുഷ്യാവകാശം, പാരമ്പര്യ വ്യവസായം, കരകൗശലവേലകൾ എന്നീ വിഷയങ്ങളിൽ പത്രമാധ്യമങ്ങളെയും ആനുകാലികങ്ങളെയും പ്രയോജനപ്പെടുത്തി പഠനം നടത്തുന്നതിനുള്ള സൗകര്യങ്ങളും ഉറവിലുണ്ട്.

മൈസൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗിന്റെ (എൻ.ഐ.ഇ.) കാർഷിക സാങ്കേതിക വിഭാഗമായ സെന്റർ ഫോർ അപ്രോപ്രിയേറ്റ് റൂറൽ ടെക്നോളജി (സി.എ.ആർ.ടി.)യുമായി ചേർന്ന് വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ കാർഷികാവശ്യങ്ങൾക്കായി ജലം പമ്പു ചെയ്തെടുക്കുന്നതിന് കൈച്ചക്രങ്ങൾ സ്ഥാപിച്ചു. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തും കർഷകർക്കായി കൈച്ചക്രം ഉറവിന്റെ സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്.

ഉറവും മേപ്പാടി ഗ്രാമപഞ്ചായത്തും ചേർന്ന് മൈക്രോഹൈഡ്രൽ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. 'മുണ്ടുപ്പാറ ജനകീയ ജലവൈദ്യുത പദ്ധതി' ജനകീയ സമിതിയുടെ നേതൃത്വത്തിൽ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയായി. പാലക്കാടുള്ള മൈക്രോ റൂറൽ ടെക്നോളജി വിഷനും മൈസൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗിലെ പ്രഫസർമാരും ബാംഗ്ലൂരിലെ ടൈഡ് സാങ്കേതിക വിദഗ്ധരുമാണ് ഇതുമായി സഹകരിക്കുന്നത്.

പരമ്പരാഗത കൈത്തൊഴിൽ മേഖലയിലെ ഒരു ഘടകമായ മുളയെ പ്രവർത്തനങ്ങളുടെ മുഖ്യ ഉപാധിയായി സ്വീകരിക്കുമ്പോഴും ഉറവ്, സമൂഹത്തിലെ സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ മുഴുവൻ മേഖലകളിലും ശ്രദ്ധ നല്കുന്നു.